SCOLE KERALA
STATE COUNCIL FOR OPEN & LIFELONG EDUCATION - KERALA

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, www.scolekerala.org

നം. ഡി.എസ്1/1815/24/യോഗ/സ്കോൾ-കേരള

തീയതി : 10.06.2024

**സ്കോൾ-കേരള-ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സ് – രണ്ടാം ബാച്ച് (2024 – 25) – പ്രവേശന വിജ്ഞാപനം**

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ആജീവനാന്ത വിദ്യാഭ്യാസ സ്വയം ഭരണ സ്ഥാപനമായ സ്കോൾ-കേരളയിൽ നാഷണൽ ആയുഷ്മിഷന്റെയും സംസ്ഥാന ആയുഷ് വകുപ്പിന്റെയും അംഗീകാരത്തോടെ ആരംഭിക്കുന്ന ഡിപ്ലോമ ഇൻ യോഗിക് സയൻസ് ആന്റ് സ്പോർട്സ് യോഗ കോഴ്സിന്റെ രണ്ടാം ബാച്ച് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു.

| | | |
|---|---|---|
| പ്രവേശന യോഗ്യത | – | ഹയർസെക്കണ്ടറി/തത്തുല്യകോഴ്സിലെ വിജയം |
| പ്രായപരിധി | – | 17 വയസ് മുതൽ 50 വയസ് വരെ (പ്രവേശന വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയാണ് പ്രായം കണക്കാക്കുക.) |
| പഠനമാധ്യമം | – | മലയാളം |
| പഠന രീതി | – | ബ്ലെൻഡഡ് മോഡ് (ഓൺലൈൻ/ഓഫ്ലൈൻ) |
| കോഴ്സ് കാലാവധി | – | 1 വർഷം (440 മണിക്കൂർ) |

**ഫീസ് ഘടന**

| | | |
|---|---|---|
| കോഴ്സ് ഫീസ് | – | 12000/- |
| പ്രവേശന ഫീസ് | – | 500/- |
| ആകെ | – | 12,500/- |

കോഴ്സ് ഫീസ് ഒറ്റത്തവണയായോ രണ്ട് തവണകളായോ ഒടുക്കാവുന്നതാണ്. കോഴ്സ് ഫീസിന്റെ 50% (6000 + 500) പ്രവേശന സമയത്തും, രണ്ടാം ഗഡു 50% (6000/- രൂപ) ഹാജർ പൂർത്തിയാക്കുന്നതിന് മുമ്പും ഒടുക്കേണ്ടതാണ്.

**11.06.2024** മുതൽ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കും. പിഴകൂടാതെ **02.07.2024** വരെയും 100/- രൂപ പിഴയോടെ **10.07.2024** വരെയും ഫീസ് അടച്ച് www.scolekerala.org എന്ന വെബ്സൈറ്റ് മുഖേന ഓൺലൈനായി രജിസ്റ്റർ ചെയ്യാം. കോഴ്സ് ഫീസ് ഓൺലൈൻ/ ഓഫ ലൈനായി ഒടുക്കുവാൻ സൗകര്യം ഉണ്ട്. ഓഫ ലൈനായി ഒടുക്കുന്നവർ വെബ്സൈറ്റ് മുഖേന ജനറേറ്റ് ചെയ്ത് ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് സംസ്ഥാനത്തെ ഏതെങ്കിലും ഒരു പോസ്റ്റ് ഓഫീസിൽ ഫീസ് അടയ്ക്കേണ്ടതാണ്. രജിസ്ട്രേഷനുള്ള മാർഗ്ഗനിർദേശങ്ങൾ പ്രോസ്പെക്ടസിൽ പ്രതിപാദിച്ചിട്ടുണ്ട്. ആയത് സ്കോൾ-കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഓൺലൈനായി രജിസ്റ്റർ ചെയ്ത അപേക്ഷാഫാറം പ്രിന്റ് എടുത്ത് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, എസ്.എസ്.എൽ.സി/തത്തുല്യ കോഴ്സ് സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഫീസ് അടച്ച ഒറിജിനൽ ചെലാൻ എന്നിവ സഹിതമാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

ഓൺലൈൻ രജിസ്ട്രേഷനു ശേഷം രണ്ടു ദിവസത്തിനകം നിർദിഷ്ട രേഖകൾ സഹിതമുള്ള അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർ, സ്കോൾ-കേരള, വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം -12 എന്ന വിലാസത്തിലോ സ്കോൾ-കേരളയുടെ അതാത് ജില്ലാ കേന്ദ്രങ്ങളിലോ നേരിട്ട് എത്തിക്കേണ്ടതും അല്ലെങ്കിൽ സ്പീഡ്/രജിസ്ട്രേഡ് തപാൽ മാർഗ്ഗം അയക്കാവുന്നതുമാണ്. ജില്ലാകേന്ദ്രങ്ങളിലെ മേൽവിലാസവും, പഠനകേന്ദ്രങ്ങളുടെ വിശദാംശങ്ങളും സ്കോൾ-കേരള വെബ്സൈറ്റിൽ (www.scolekerala.org) ലഭ്യമാണ്.

STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA
Vidhya Bhavan
Poojappura
Thiruvananthapuram
695012
STATE · SCOLE-KERALA

സെക്രട്ടറി

C5/Scole/Ds1/lr.49